ട്ടുണ്ട്. ഇപ്പോഴും അവർ താമസിക്കുന്ന വീടൊഴിച്ച് മറ്റു സ്ഥലങ്ങളും ഒഴിഞ്ഞു കൊടുക്കണമെന്നും വലിയ തോതിലുള്ള പെനാലിറ്റി കൊടുക്കണമെന്നും കാണിച്ചുകൊണ്ട് തഹസീൽദാരിൽനിന്നും കളക്ടറിൽനിന്നും ഒരു കൽപ്പന പുറപ്പെടുവിച്ചിട്ടുണ്ട്. ഈ കാര്യത്തെസംബന്ധിച്ചിടത്തോളം ബഹുമാനപ്പെട്ട മന്ത്രി, ഉത്തരവിന്റെ അടിസ്ഥാനത്തിൽ ആ കൽപ്പനയെ തടയാൻ വല്ല നിർദ്ദേശവും കൊടുക്കുമോ ?

ശ്രീ. പി. ടി. ചാക്കോ: ഓരോ പ്രത്യേക കേസുകളിൽ ഓരോ തരത്തിലുള്ള നിർദ്ദേശങ്ങളും ഉണ്ടായിരിക്കും. ഗവണ്മെൻറിനു് ആവശ്യമില്ലാത്ത ഭൂമിയും കൈവശം വെച്ചു കുടികെട്ടിപ്പാർക്കുന്ന ഭൂമിയും ഒഴിപ്പിച്ചെടുക്കേണ്ട ആവശ്യമില്ല. കുടിശ്ശിക ഈടാക്കുന്നതിനെസംബന്ധിച്ചു് പല പരിഗണനകളും നടത്തേണ്ടിവരും. ഏതായാലും ലാൻഡ് അസൈൻമെൻറു ചട്ടങ്ങളും കൊണ്ടുവരുമ്പോൾ കുടിശ്ശിക ഈടാക്കുന്നതിനെപ്പറ്റി വ്യക്തമായ നിർദ്ദേശങ്ങളും വയ്ക്കുന്നതാണു്.

ശ്രീ. കെ ഭാസ്കരൻ: ഈ ഉത്തരവു വില്ലേജു് ഓഫീസർ നടപ്പിലാക്കുമ്പോൾ സാധാരണരീതിയിൽ പതിച്ചുകൊടുക്കേണ്ട എല്ലാ ഭൂമികൾക്കും ലാൻഡ് അസൈൻമെൻറു ചട്ടം പൂർത്തിയാകുന്നതുവരെ കുത്തകപാട്ടം കൊടുക്കേണ്ടതില്ലെന്നുള്ളതിനു് ഗവണ്മെൻറിൽനിന്നും ഉത്തരവു കൊടുക്കുമോ?

ശ്രീ. പി. ടി. ചാക്കോ: അങ്ങനെയൊരു ഉത്തരവു കൊടുക്കാൻ നിവൃത്തിയില്ല. 1957–ൽ നിലവിലിരുന്ന ഗവണ്മെൻറു് ഇങ്ങനെ ഒരു ഉത്തരവു കൊടുത്തതിന്റെ ഫലമായി വളരെ കഷ്ടതകളും ഉണ്ടായിട്ടുണ്ട്. ഭൂമി പതിച്ചുകൊടുക്കുകയാണെങ്കിൽ മൂന്നു കൊല്ലത്തെ പുറകോട്ടുള്ള പാട്ടം കൊടുക്കേണ്ടതാണു്. പിന്നെ പതിച്ചു കിട്ടിയതിനുശേഷമുള്ള എല്ലാ പാട്ടവും കൊടുക്കണം. എന്നാൽ പതിച്ചു വാങ്ങാത്തവർക്കു് യാതൊരു വിധത്തിലുള്ള ബുദ്ധിമുട്ടും ഉണ്ടാകയില്ല. ഏതായാലും എല്ലാവർക്കും നീതി ലഭിക്കുത്തക്ക രീതിയിലുള്ള വ്യവസ്ഥകളും ലാൻഡ് അസൈൻമെൻറു് റൂംസിൽ വരുത്തുന്നതാണു്.

ശ്രീമതി കെ. ആർ. ഗൗരി : ലാൻഡ് അസൈൻമെൻറു് റൂംസിലെ ചട്ടങ്ങളും നടപ്പിലാക്കുന്നതുവരെ ഭൂമി പതിച്ചുകിട്ടാൻ അർഹതയുള്ളവർക്കു നിരോധനക്കരം ചുമത്താതെ ഇരിക്കാനും, അതുപോലെ കുത്തകപ്പാട്ട ഭൂമി കയ്യിലിരിക്കുന്ന ആളുകൾക്കു് അതിന്റെ കാലാവധി അവസാനിച്ചുവെന്ന ഒരൊറ്റ കാരണത്താൽ പെനാലിറ്റി കൊടുക്കണമെന്നുണ്ടെങ്കിലും അതുകൊടുക്കാതിരിക്കുവാനും ആവശ്യമായ ഉത്തരവു ഗവണ്മെൻറിൽനിന്നും കൊടുക്കുമോ?

ശ്രീ. പി. ടി. ചാക്കോ: അതിൽ ഒരു ഉത്തരവും കൊടുക്കേണ്ട ആവശ്യമില്ല. ഗവണ്മെൻറിന്റെ ഉദ്ദേശം അങ്ങേയറ്റം ഒരാഴ്ചയ്ക്കകം ലാൻഡ് അസൈൻമെൻറു് റൂംസു് കൊണ്ടുവരണമെന്നാണു്. ഓരോ പ്രത്യേക കേസുകളിൽ സങ്കടം അനുഭവിക്കുന്നവരുടെ അപേക്ഷകളും കിട്ടിയിട്ടുണ്ട്. അവക്കെല്ലാം പരിഹാരം ഉണ്ടാക്കുന്നതിനാവശ്യമായ ഉത്തരവു കൊടുത്തിട്ടുമുണ്ട്.

പോലീസു് വെരിഫിക്കേഷൻ

* 69. [7] ശ്രീ. കെ. ആർ. വിജയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1960–നു ശേഷം പോലീസു് വെരിഫിക്കേഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എത്രപേർക്കു് സർക്കാരുദ്യോഗം നിഷേധിക്കേണ്ടിവന്നിട്ടുണ്ടു് ;

(ബി) അവരുടെ സമുദായം തിരിച്ച പട്ടിക വെളിപ്പെടുത്താമോ?

ആഭ്യന്തരവകുപ്പുമന്ത്രി (ശ്രീ. പി. ടി. ചാക്കോ):

(എ) പൊതുതാൽപ്പര്യത്തെ മുൻനിറുത്തി ഈ വിവരങ്ങളും വെളിപ്പെടുത്താൻ നിവൃത്തിയില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ആർ. വിജയൻ: പോലീസ് വെരിഫിക്കേഷൻ കാര്യത്തിൽ ജനങ്ങളുടെ വിശ്വാസം കൂടുതൽ ആർജ്ജിക്കുന്നതിനുവേണ്ടി അതിന്റെ പ്രവർത്തനം ശരിയായും നിഷ്പക്ഷമായും നടത്തുന്നതിനു ആവശ്യമായ നിർദ്ദേശം ഉദ്യോഗസ്ഥന്മാർക്കു ഗവണ്മെന്റിൽനിന്നും കൊടുക്കാൻ ദയവുണ്ടാകുമോ?

ശ്രീ. പി. ടി. ചാക്കോ: പുതിയതായി യാതൊരു നിർദ്ദേശവും അക്കാര്യത്തിൽ കൊടുക്കേണ്ട ആവശ്യമില്ല.

ശ്രീ. പി. എസ്. ശ്രീനിവാസൻ: സർ, ഒരു പോയിന്റ് ഓഫ് ഓർഡർ, ഇതേ സ്വഭാവമുള്ളതും പോലീസ് വെരിഫിക്കേഷനെ സംബന്ധിച്ചുമായ ചോദ്യങ്ങൾ ബഹുമാനപ്പെട്ട മന്ത്രിയോട് ഇതിനുമുമ്പു ഈ സഭയിൽ വെച്ചുതന്നെ ചോദിക്കുകയും അതിനുത്തരം പറയുകയും ചെയ്തിട്ടുണ്ട്. ഇങ്ങനെ ഇത്തരം ചോദ്യത്തിനു മുമ്പു ഉത്തരം തരികയും ഇപ്പോൾ പൊതുതാൽപ്പര്യത്തെ ഉദ്ദേശിച്ച് അതു വെളിപ്പെടുത്താൻ സാധിക്കുകയില്ലെന്നും പറയുന്നതു തെറ്റാണു്. രണ്ടാമതു് കേന്ദ്ര പാർലമെന്റിൽ നമ്മുടെ ഡിഫൻസിനെപ്പറ്റിയുള്ള വിവരങ്ങൾപോലും, നമ്മുടെ രാജ്യം അപകടത്തിലായിരിക്കുന്ന സ്ഥിതിയിൽപോലും വെളിപ്പെടുത്തുകയും അതിനോട് ബന്ധപ്പെട്ട കമ്മിറ്റികളിൽവെച്ചു് പറയുകയും ചെയ്തിട്ടുണ്ട്. പോലീസ് വെരിഫിക്കേഷനെപ്പറ്റി പറയുന്നതു് പൊതുതാൽപ്പര്യത്തിനു് എങ്ങനെ വിധേയമായിരിക്കുമെന്നു് എനിക്കു് മനസ്സിലാകുന്നില്ല. ന്യായമായി കിട്ടേണ്ട വിവരങ്ങൾ അറിയുന്നതിനാണു് ഈ സഭയിൽ ചോദ്യങ്ങൾ ചോദിക്കുന്നതും ഉത്തരം പറയുന്നതും. അങ്ങനെ വിവരങ്ങൾ അറിയുന്നതിനും പറയുന്നതിനും പരമാധികാരമുള്ള ഈ സഭയിൽ വെച്ചു് എല്ലാവരും അറിയേണ്ട കാര്യങ്ങൾ ഒളിച്ചുവെയ്ക്കുന്നതു് തെറ്റാണു്. അതുകൊണ്ടു് ഇക്കാര്യത്തിൽ ഞങ്ങൾക്കു് ന്യായമായി കിട്ടേണ്ട വിവരങ്ങൾ തരണമെന്നാണു് എനിക്കു് പറയുവാനുള്ളതു്.

മി. സ്പീക്കർ: പൊതുതാൽപ്പര്യത്തെ ഉദ്ദേശിച്ചു് വിവരങ്ങൾ വെളിപ്പെടുത്താൻ കഴിയുകയില്ലെന്നു് മന്ത്രി പറഞ്ഞാൽ അതിനപ്പുറം ഫോഴ്സ് ഉപയോഗിച്ചു് പറയിപ്പിക്കാനുള്ള അധികാരം സ്പീക്കർക്കു ഉണ്ടെന്നു് തോന്നുന്നില്ല.

ശ്രീ. ഇ. പി. ഗോപാലൻ: സർ, ഇതിനു് മുമ്പൊരു ദിവസം ഞാൻ ഇതേരീതിയിലുള്ള ഒരു ചോദ്യത്തിനുവേണ്ടി അങ്ങയുടെ ഒരു റൂളിംഗ് ആവശ്യപ്പെടുകയുണ്ടായി. ഒരു ചോദ്യത്തിനു് കുറെ ഉത്തരം തരികയും, ബാക്കി പിന്നീടു തരാമെന്നു് പറയുകയുമുണ്ടായി. അന്നത്തെ എന്റെ പോയിന്റ് ഓഫ് ഓർഡറിനു് അങ്ങു പിന്നീടു റൂളിംഗ് തരാമെന്നും പറഞ്ഞിട്ടുണ്ടു്. അതിനു് കുറെക്കൂടി സഹായകരമായിട്ടുള്ള വിധത്തിലാണു് ഇപ്പോൾ വന്നിട്ടുള്ള കപ്സ്യൂൾ. ഇതിൽ പൊതുതാൽപര്യത്തെ ഉദ്ദേശിച്ചു് കാര്യങ്ങൾ വെളിപ്പെടുത്താൻ നിവൃത്തിയില്ലെന്നു് മന്ത്രി പറഞ്ഞതു്, ഇതിലെ നമ്പർ തരുന്നതിനാണോ അതോ മറ്റു വല്ല കാര്യങ്ങളും തരുന്നതിനാണോ ? നമ്പർ തരുന്നതിനാണെങ്കിൽ ഇതിൽ പറയുന്ന ജാതി തിരിച്ചുള്ള പട്ടികയെങ്കിലും മേശപ്പുറത്തുവെച്ചുകൂടേ? അങ്ങനെ തരുന്നതിനു് എന്താണു് അപകടമുള്ളതു്?

Mr. Speaker: I will look into it.

Shri P. T. Chacko: Under the Rules, Government are entitled to withhold information on the ground that in the public interest an information cannot be divulged. On behalf of the Government I have got that right. Hon. Members of the opposition, especially Members of the Communist Party, cannot be entrusted with the task of judging whether the matter should be divulged or not in the public interest. Government are not prepared to divulge this information.

Mr. Speaker: Mr. E. P. Gopalan's reference is under consideration. A ruling will be given later. Question No. 8, Shri C. A. Mathew.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി കെ. ആർ. ഗൗരി: സർ, ഞങ്ങൾക്ക് കാസ്റ്റ്യൻ നമ്പർ എഴിനെക്കുറിച്ചുള്ള സപ്ലിമെന്ററി കാസ്റ്റ്യൻസ് ചോദിക്കാനുണ്ട്.

ശ്രീ. ഈ. പി. ഗോപാലൻ: സർ, കാസ്റ്റ്യൻ നമ്പർ എഴിനെക്കുറിച്ചുള്ള ഉപചോദ്യങ്ങൾ ഇനിയും ചോദിക്കാനുണ്ട്. അതിനാവശ്യമായ സമയം അനുവദിച്ചു തരണം.

ശ്രീ. സി. എ. മാത്യു: സർ, ഒരു പോയിന്റ് ഓഫ് ഓർഡർ. ബഹുമാനപ്പെട്ട സ്പീക്കർ കാസ്റ്റ്യൻ നമ്പർ എട്ടിനു മറുപടി പറയാൻ ആവശ്യപ്പെടുകയും, അതിനുത്തരവാദപ്പെട്ട ബഹുമാനപ്പെട്ട മന്ത്രി എഴുന്നേറ്റുനിന്നു ഉത്തരം പറയാൻ ആരംഭിക്കുകയും ചെയ്തു. എന്നാൽ മറുപടി പറയാൻ സമ്മതിക്കാതെയും, പറയുന്നതു കേൾക്കാൻ സമ്മതിക്കാതെയും ഇങ്ങനെ ബഹളം കൂട്ടുന്ന ഒരു സാഹചര്യം സൃഷ്ടിക്കുന്നതു ശരിയാണോയെന്നറിഞ്ഞാൽകൊള്ളാം.

ശ്രീമതി കെ. ആർ. ഗൗരി: സർ, ഒരു പോയിന്റ് ഓഫ് ഓർഡർ. പോലീസ് വെരിഫിക്കേഷന്റെ അടിസ്ഥാനത്തിൽ എത്രപേർക്ക് സർക്കാരുദ്യോഗം നിഷേധിച്ചിട്ടുണ്ടെന്നുള്ളതിനെപ്പറ്റി ഇവിടെ പരാമർശം ഉണ്ടായപ്പോഴാണു അതിനെപ്പറ്റിയുള്ള വിവരങ്ങൾ അറിയുന്നതിനു ഈ സഭയിലെ മെമ്പറന്മാർക്ക് അവകാശമില്ലേ? എല്ലാവർക്കും അറിയുന്നതിനുള്ള അവകാശമുള്ളതാണു്. ഇതിലെ 'public interest' എന്താണെന്നുള്ളതു് അറിയാനുള്ള അവകാശം ഞങ്ങൾക്കുണ്ടു്. സാമ്പത്തികമായിട്ടും മറ്റു കാരണങ്ങളാലും പിന്നോക്കം നിൽക്കുന്നവർക്കും, അധഃകൃതസമുദായങ്ങളിൽപ്പെട്ടവർക്കും അർഹതപ്പെട്ടന്ന സ്ഥാനം കിട്ടുന്നില്ല. അതുകൊണ്ടു് ഈ ചോദ്യത്തിൽ ചോദിച്ചിരിക്കുന്ന ജാതി തിരിച്ചുള്ള പട്ടിക തരുന്നതാണോ പബ്ലിക്ക് ഇൻറെറസ്റ്റ് എന്നു പറഞ്ഞതു് ?

Shri K. Bhargavan : One word, Sir.

Mr. Speaker : There is no need for a further explanation on the matter raised by Smt. K. R. Gouri.

About Smt. Gouri's point of order about the definition of "public interest", the honourable Member can have her own view. When the Government say that in the public interest that an information cannot be divulged, the Speaker cannot compel them to give the information.

ശ്രീ. ഈ. പി. ഗോപാലൻ: മെംബർമാർ എന്നുള്ള നിലയിൽ ഈ സഭയിൽ ഈ സംസ്ഥാനത്തു നടക്കുന്ന കാര്യങ്ങളെ സംബന്ധിച്ചു് ന്യായമായ വിവരം കിട്ടാൻ അർഹതയുണ്ടു് എന്നുള്ള കാര്യത്തിൽ അങ്ങു് ഒരു റൂളിംഗ് തരേണ്ടതാണു്.

മി. സ്പീക്കർ: നിയമമനുസരിച്ചുള്ള വിവരങ്ങൾ തരാൻ ബാദ്ധ്യതയുണ്ടു്. അതനുസരിച്ചുതരുകയാണു്. പക്ഷേ പൊതുതാൽപ്പര്യത്തെ മുൻനിറുത്തി ചില വിവരങ്ങൾ പറയുവാൻ നിവൃത്തിയില്ല. അതു് ഗവണ്മെൻറിന്റെ ചുമതലയാണു്.

ശ്രീ. ഈ. പി. ഗോപാലൻ: ഇവിടെ പതിനായിരക്കണക്കിനാളുകളുടെ ജോലി അന്യായമായി കളഞ്ഞിട്ടുള്ളതിനെസംബന്ധിച്ചിടത്തോളം വിവരമറിയുവാൻ അധികാരമില്ലെന്നു് അങ്ങു് റൂളിംഗ് കൊടുക്കുകയില്ലെന്നു ഞാൻ വിശ്വസിക്കുകയാണു്. അർഹതയുള്ളവരുടെ ജോലി അന്യായമായി നിഷേധിച്ചതിന്റെ നമ്പർ തരുകയില്ലെന്നു പറയുന്നതു ശരിയാണോ ? ഞങ്ങൾക്കു് ആ വിവരമറിയുവാൻ അവകാശമില്ലേ ?

ശ്രീ. പി. ടി. ചാക്കോ: സർ, ഒരു പോയിന്റു് ഓഫ് ഓർഡർ. ഈ നിയമസഭയിൽ കുറെ ദിവസങ്ങളായി ആക്ഷേപിക്കുകയും എന്തെങ്കിലും പറയണമെങ്കിൽ 'പോയിന്റു് ആഫ് ആർഡർ' എന്നു വഴി കണ്ടുപിടിച്ചതായി

LIBRARY ARCHIVES Kerala Legislative Assembly

കാണുന്നു. നിയമസഭയിൽ സർ, അങ്ങേക്കു് ദീർഘകാലത്തെ പരിചയമുണ്ടു്. എനിക്കും ഇവിടെയുള്ള ചില മെംബറന്മാർക്കും കുറേയധികം പരിചയമുണ്ടു്. പോയിന്റു് ആഫ് ആർഡർ എന്നു പറഞ്ഞാൽ എന്തും എപ്പോഴും പറയുവാനുള്ള ഒരു അവസരമല്ല എന്നുള്ള വസ്തുത ഇവിടെയുള്ള എല്ലാ അളുകൾക്കും അറിയാം. ഇവിടെ ഒരാളിന്റെ പ്രസംഗത്തിനു് തടസ്സമുണ്ടാക്കണമെങ്കിലോ പറയുവാൻ പാടില്ലാത്തതു് എന്തെങ്കിലും പറയണമെങ്കിലോ, പറയുവാൻ അവസരമുണ്ടാക്കണമെങ്കിലോ വെറുതെ പായിന്റു് ആഫ് ആർഡറെന്നു പറഞ്ഞിട്ടു്, ഒന്നരണ്ടു പ്രാവശ്യമല്ല, അനേകായിരം പ്രാവശ്യം പായിന്റു് ആഫ് ആർഡറെന്നു പറഞ്ഞു് പായിന്റുമില്ല, ആർഡറുമില്ലാത്ത ഒരു ഏർപ്പാടു് ഈ സഭയിൽ നടക്കുന്നുണ്ടു്. എനിക്കറിയാം പായിന്റു് ആഫ് ആർഡറെന്നു പറഞ്ഞു് ഈ സഭയിൽ എണീറ്റു നിൽക്കുന്ന കാര്യത്തെപ്പറ്റി.....

(ഈ സമയം പ്രതിപക്ഷ മെംബർമാരായ സർവ്വശ്രീ പി. എസ്. ശ്രീനിവാസൻ, ഈ. പി. ഗോപാലൻ, കെ. മാധവൻ, കെ. കൃഷ്ണപിള്ള തുടങ്ങിയവർ എണീറ്റുനിന്നു് മേശപ്പുറത്തു ശബ്ദമുണ്ടാക്കിക്കൊണ്ടു് ഇതു് പായിന്റു് ആഫ് ആർഡറാണോ, മന്ത്രിക്കു് ഇതു പറയുവാനെന്തവകാശം എന്നൊക്കെ വിളിച്ചുപറഞ്ഞുകൊണ്ടിരുന്നു).

Mr. Speaker : Shri Chacko is on a Point of Order. So, please resume your seats.

Shri P. T. Chacko : Sir, I have the right to submit to you a point of order. Nobody can prevent me from submitting that. If anybody does not want to hear me, he has his choice.
ഇങ്ങനെ യാതൊരു പായിന്റുകളുമോ ആർഡറുകളുമോ ഇല്ലാത്ത പായിന്റു് ആഫ് ആർഡർ ഉന്നയിച്ചു് സഭയെ മെനക്കെടുത്തുന്നതു് ശരിയാണോ? തുടർച്ചയായി ഇങ്ങനെ ചട്ടങ്ങൾക്കു വിപരീതമായി ഉന്നയിക്കുന്നതിനെ തടഞ്ഞു് മറുഭാഗത്തുള്ള ആളുകളെ ഏതെങ്കിലും തരത്തിൽ രക്ഷിക്കാൻ വല്ല മാർഗ്ഗവുമുണ്ടോ?

Mr. Speaker : I appeal to the good sense of the Members and request them to use their right of raising a Point of Order with due decorum consistent with the business of the House. I also remind the honourable Members that Points of Order should not be raised merely for a speech. I expect that honourable Members will adhere to the Rules of Procedure and Conduct of Business and maintain the dignity of the House.

WRITTEN ANSWERS

കായൽനിലങ്ങൾ.

70. [10] ശ്രീ. പി. ആർ. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് കൃഷ്യവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സ്റ്റേറ്റിൽ ആകെ എത്ര ഏക്കർ കായൽനിലങ്ങളുണ്ടു്.

(ബി) കായൽനിലങ്ങളിൽനിന്നും വെള്ളം വറ്റിക്കുന്നതിനും ബണ്ടു് ഇടുന്നതിനുമായി എന്തെങ്കിലും സഹായം കൊടുത്തുവരുന്നുണ്ടോ?

കൃഷ്യവകുപ്പുമന്ത്രി (ശ്രീ. ഈ. പി. പൗലോസു്) :

(എ) ഏകദേശം 43,308 ഏക്കർ.

(ബി) കുട്ടനാട്ടിൽ ആർ. ബ്ലോക്കു് കായൽ എന്ന പ്രദേശത്തു് ഹാളണ്ടു് പദ്ധതിപ്രകാരം സ്ഥിരം ബണ്ടു് കെട്ടുന്നതിനും വെള്ളം വറ്റിക്കുന്നതിനു് പമ്പുസെറ്റു് നൽകുന്നതിനുമായി ഒരു സ്കീം നിലവിലുണ്ടു് കുട്ടനാട്ടിലും തിരുവനന്തപുരം വെള്ളായണിയിലും കായൽനിലങ്ങളിൽ വെള്ളം വറ്റിക്കുന്നതിനു് സഹായധനം കൊടുക്കുന്നുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly